# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.532 — 08.08.2017-ൽ മറുപടിയ്ക്ക്

## വ്യവസായ ബൃഹത് സോണുകൾ

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനക്ഷേമവും വകുപ്പ് മന്ത്രി) |
|---|---|---|
| എ) | 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കേരളത്തിൽ അഞ്ച് വ്യവസായ ബൃഹത് സോണുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായിക വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാം; | എ) 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 5 ബൃഹത് വിവിധോദ്ദേശ സോണുകളിൽ പട്ടന്നൂർ-പനയത്തുപറമ്പിൽ, തൊടുപുഴ, മങ്കട എന്നീ സ്ഥലങ്ങളിൽ ഭൂമി കണ്ടെത്തിയിരുന്നു. വിഴിഞ്ഞത്തും കാസർഗോഡും ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ തുടർന്നു വരുന്നു. |
| ബി) | പദ്ധതി പ്രഖ്യാപനം കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞിട്ടും, മങ്കടയിൽ പ്രഖ്യാപിച്ച വ്യവസായ സോൺ സംബന്ധിച്ച നടപടികൾ പുരോഗമിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) യും സി) യും മങ്കട വില്ലേജിൽ കിൻഫ്ര വ്യവസായ സോൺ സ്ഥാപിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സ്ഥലം ഉടമകളുമായി ജില്ലാകളക്ടർ ചർച്ചകൾ നടത്തിയിരുന്നുവെങ്കിലും ഭൂമി വിലയിൽ തീരുമാനമാകാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതി സർക്കാർ ഉപേക്ഷിക്കുകയുണ്ടായി. |
| സി) | ഇതു സംബന്ധിച്ച് കിൻഫ്രാ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | |

സെക്ഷൻ ഓഫീസർ